# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2640 09.03.2017 -ലെ മറുപടി

**കിണറുകൾ റീചാർജ്ജ് ചെയ്യുന്ന പദ്ധതി**

ചോദ്യം | മറുപടി
---|---

ശ്രീ. സി. ദിവാകരൻ

മാത്യൂ ടി. തോമസ്
(ജലവിഭവ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | ജലം ലഭ്യത ഉറപ്പു വരുത്തുന്നതിനായി കിണറുകൾ റീചാർജ്ജ് ചെയ്യുന്ന പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ; | എ) | ഭൂജലവകുപ്പ് കൃത്രിമ ഭൂജല സംപോഷണം പദ്ധതി ഭൂജല സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജലസംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും " എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 41 പദ്ധതികൾക്കുള്ള ഭരണാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. പ്രവർത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ തുറന്ന കിണർ വഴിയുള്ള റീചാർജ്ജിംഗ് പദ്ധതികൾ പൂർത്തീകരിച്ചു |
| ബി) | ജല ദുർവിനിയോഗം കുറയ്ക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ? | ബി) | ഭൂജല സംപോഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഭൂജലത്തിന്റെ ഉപയോഗം, നിയന്ത്രണം, ക്രമീകരണം എന്നിവയെക്കുറിച്ചും പൊതുജനങ്ങൾക്കും മറ്റും ബോധവൽക്കരണം നടത്തുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുന്നുമുണ്ട്. ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും അവബോധം സൃഷ്ടിച്ചു വരുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുമുണ്ട് |

സെക്ഷൻ ഓഫീസർ